# നികാഹ്

## ഭാഷയിൽ

നികാഹ് എന്നതിന് വിവാഹകർമം, സംയോഗം എന്നീ രണ്ടർത്ഥമാണ് ഭാഷയിലുള്ളത്. അബൂഅലിയ്യൽ ഖാലീ പറയുന്നു അറബികൾ വിവാഹകർമ്മം സംയോഗം എന്നീ അർത്ഥങ്ങളെ പ്രയോഗം കൊണ്ട് വേർതിരിച്ചു. “ഇന്നവളെ, അല്ലെങ്കിൽ ഇന്നയാളുടെ മകളെ നികാഹ് ചെയ്തു” എന്ന് പറയുമ്പോൾ അവർ ഉദ്ദേശിക്കുന്നത് വിവാഹകർമ്മമാണ്. തൻെറ ഭാര്യയെ, അല്ലെിൽ തൻെറ സ്ത്രീയെ നികാഹ് ചെയ്തു എന്ന് പറയുമ്പോൾ അവർ സംയോഗമല്ലാതെ ഉദ്ദേശിക്കുന്നില്ല.

## മതത്തിൽ

ഒരു പുരുഷനും സ്ത്രീയും പരസ്പരം സുഖമനുഭവിക്കാനും നല്ലൊരു കുടുംബവും സുരക്ഷിതമായ സമൂഹവും സൃഷ്ടി ക്കാനും ഉദ്ദേശിച്ചുകൊണ്ട് അവർക്കിടയിൽ നടത്തുന്ന കരാറാണ് ഇസ്ലാമിലെ വിവാഹം.
സുഖമനുഭവിക്കൽ മാത്രമല്ല വിവാഹകർമ്മത്തിൻെറ ഉദ്ദേശ്യ മെന്ന് ഇവിടെ വ്യക്തമാണല്ലോ. പ്രത്യുത നല്ലൊരു കുടും ബവും കുറ്റമറ്റ സമൂഹവും ഉണ്ടാക്കലും അതിൻെറ ഉദ്ദേശ്യമാണ്.

എങ്കിലും വ്യക്തികളുടെ അവസ്ഥകൾക്കനുസരിച്ച് പരിഗണനകൾ വ്യത്യസ്ഥമായിരിക്കുമല്ലോ. അതിനാൽ ഈ രണ്ട് ഉദ്ദേശ്യങ്ങളിൽ ചിലതിന് പ്രാമുഖ്യം ലഭിക്കാനിടയുണ്ട്.

## വിവാഹത്തിൻെറ വിധി.

വിവാഹം അതിന് കഴിവും ലൈംഗിക വികാരവുമുള്ള എല്ലാവർക്കും ശക്തമായ ബാധ്യതയാണ്. അത് പ്രവാചകന്മാരുടെ ചര്യയിൽ പെട്ടതാണ്. അല്ലാഹു പറയുന്നു. “നിനക്കുമുമ്പും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവർക്ക് നാം ഭാര്യമാരേയും സന്താനങ്ങളെയും നൽകിയിട്ടുണ്ട്. [റഅദ് - 38]

നബി (സ) വിവാഹം ചെയ്തു. അവിടുന്ന് ഇപ്രകാരം പറയുകയും ചെയ്തു

“((إني اتزوج النساء فمن رغب عن سنتي فليس مني))” നിശ്ചയം ഞാൻ സ്ത്രീകളെ വിവാഹം ചെയ്യുന്നു. എൻെറ ഈ ചര്യ ആരെങ്കിലും വെറുക്കുന്നുവെങ്കിൽ അവൻ എന്നിൽ പെട്ടവനല്ല.

പണ്ഡിതന്മാർ പറഞ്ഞു: വികാരമുണ്ടായിരിക്കെ വിവാഹത്തിലേർപ്പെടുന്നത് അഭിലഷണീയമായ ആരാധനകളെക്കാൾ ശ്രേഷ്ടകരമാണ്. കാരണം ഒട്ടേറെ നന്മകളും സ്തുത്യർഹമായ ഫലങ്ങളും വിവാഹത്താൽ ലഭ്യമാകുന്നതാണ്.

വിവാഹം ചെയ്യൽ നിർബൻധമാകുന്ന ഘട്ടങ്ങളുണ്ട്. ശക്തമായ ലൈംഗിക വികാരമുള്ളവനും വിവാഹം ചെയ്തില്ലെങ്കിൽ തെറ്റ് സംഭവിച്ചേക്കുമെന്ന് ഭയമുള്ളവനുമായ ഒരു വ്യക്തിക്ക് അത് നിർബൻധമാണ്. തന്നെ നിഷിദ്ധ

മായ ലൈംഗികതയിൽ നിന്ന് തടയലും പാതിവ്രത്യം സംരക്ഷിക്കലും അവന് അനിവാര്യമാണല്ലോ.
നബി (സ) പറയുന്നു: യുവസമൂഹമേ, നിങ്ങളിൽ വിവാഹം കഴിക്കാൻ പ്രാപ്തിയുള്ളവർ വിവാഹം ചെയ്യട്ടെ. നിശ്ചയം അത് കണ്ണിനെ നിയന്ത്രിക്കുകയും ലൈംഗിക വിശുദ്ധി നിലനിർത്തുകയും ചെയ്യും. വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ വ്രതമനുഷ്ടിക്കട്ടെ. അത് അവരുടെ ലൈംഗികാസക്തിയെ നിയന്ത്രിക്കുന്നതാണ്. [ബുഖാരി, മുസ്ലിം]

## 3-നിബന്ധനകൾ

ഇസ്ലാം അതിന്റെ നിയമങ്ങൾ കണിശവും മികച്ചതുമായ രീതിയിൽ വ്യവസ്ഥപ്പെടുത്തി. അതിനാൽ ഓരോ കർമ്മങ്ങൾക്കും അവയുടെ പ്രായോഗികതക്കും നിലനിൽപ്പിനും മതിയായ നിബന്ധനകൾ അത് നിശ്ചയിച്ചു. അത്തരം നിബന്ധനകൾ പാലിക്കപ്പെടാതെ ഒരു ഇടപാടുകളും പൂർണമാകുകയില്ല. ഇസ്ലാമിക നിയമങ്ങളുടെ സൂക്ഷ്മതയും കൃത്യതയുമാണ് ഇത് വ്യക്തമാക്കുന്നത്. മാത്രമല്ല, ജനങ്ങളുടെ കാര്യങ്ങൾ അരക്ഷിതമാകാതിരിക്കാൻ വേണ്ടി അവരുടെ നന്മകളെകുറിച്ച് അറിയുന്ന അവരുടെ ഭൗതികവും ആത്മീയവുമായ തലങ്ങൾ നന്നാക്കുന്നതിന് വേണ്ടി നിയമങ്ങൾ ആവിഷ്കരിച്ച സ്രഷ്ടാവിന്റേതാണ് അതൊക്കെയെന്നും വ്യക്തമാണല്ലോ. അതിനാൽ വിവാഹകർമ്മത്തിനും ചില നിബന്ധനകൾ നിശ്ചയിക്കപ്പെട്ടു.

അവയിൽ പ്രധാനപ്പെട്ടവ:

1- ഇണകളുടെ തൃപ്തി:

വിവാഹം ദമ്പതികൾ തമ്മിൽ തൃപ്തിപ്പെട്ടുകൊണ്ടായിരിക്കണം. താനുദ്ദേശിക്കാത്തവരെ വിവാഹം ചെയ്യാൻ ഇണകളിൽ ആരെയും നിർബ്ബന്ധിക്കാവതല്ല. അല്ലാഹു പറയുന്നു. സത്യവിശ്വാസികളെ, സ്ത്രികളെ ബലാൽക്കാരമായിട്ട് അനന്തരാവകാശ സ്വത്തായി എടുക്കാൻ നിങ്ങൾക്ക് അവകാശമില്ല. [നിസാഅ്:19]

നബി (സ) പറയുന്നു: വിധവ (കന്യകയല്ലാത്തവൾ) യെ അവളുടെ തീരുമാനം ആരായുന്നതുവരെ വിവാഹം ചെയ്തു കൊടുക്കാവതല്ല. കന്യകയെ സമ്മതം ചോദിക്കുന്നത് വരെയും വിവാഹം ചെയ്യപ്പെടരുത്. അവർ ചോദിച്ചു ദൈവദൂതരെ, കന്യകയുടെ സമ്മതം എങ്ങനെയാണ്? നബി (സ) പറഞ്ഞു: അവൾ മൗനം പാലിക്കലാണ്.

ഇവിടെ നബി (സ) സ്ത്രീയെ അവളുടെ തൃപ്തിയില്ലാതെ വിവാഹം ചെയ്യുന്നത് വിരോധിച്ചു. അവൾ ആദ്യമായി വിവാഹം ചെയ്യപ്പെടുന്ന കന്യകയാണെങ്കിലും മുമ്പ് വിവാഹിതയായ വിധവയാണെങ്കിലും ശരി. എന്നാൽ വിധവ തനിക്ക് തൃപ്തിയുണ്ടെന്നത് തുറന്നു പറയുക തന്നെ വേണം. പ്രത്യുത കന്യകയുടെ കാര്യത്തിൽ അവളുടെ മൗനം മതിയാകുന്നതാണ്. കാരണം അവൾ തൃപ്തിപ്പെട്ടുവെങ്കിലും തുറന്ന് പറയാൻ ലജ്ജിച്ചേക്കും.

സ്ത്രീ വിവാഹത്തിന് വിസമ്മതിച്ചാൽ അവളെ അതിന് നിർബ്ബന്ധിക്കാൻ അവളുടെ പിതാവിന് പോലും അനു

വദനീയമല്ല. നബി (സ) പറഞ്ഞു: കന്യകയോട് അവളുടെ പിതാവ് സമ്മതം തേടണം [മുസ്ലിം]
ഈ അവസ്ഥയിൽ അവളെ വിവാഹം ചെയ്തുകൊടുക്കാത്തതിന് പിതാവ് കുറ്റക്കാരനല്ല. കാരണം വിസമ്മതിച്ചത് അവളാണല്ലൊ. പക്ഷെ അവളെ സംരക്ഷിക്കേണ്ടത് പിതാവിൻെറ ബാധ്യതയാണ്.
ഒരു സ്ത്രീക്ക് രണ്ടാളിൽ നിന്ന് വിവാഹാലോചന വന്നു. അവൾ ഒരാളെയും രക്ഷിതാവ് മറ്റൊരാളേയും തൃപ്തിപ്പെട്ടു. എന്നാൽ അവൾ ഉദ്ദേശിച്ചവൻ അവൾക്ക് യോജിക്കുന്നവനാണെങ്കിൽ ആ വിവാഹം നടത്തേണ്ടതാണ്. അയാൾ അവൾക്ക് യോജിക്കാത്തവനാണെങ്കിൽ ആ വിവാഹം രക്ഷിതാവിന് തടയാവുന്നതാണ്. അതിൻെറ പേരിൽ അയാൾക്ക് കുറ്റമില്ല.

2- **രക്ഷാധികാരി:**

രക്ഷാധികാരിയില്ലാതെ വിവാഹം സാധുവാകുകയില്ല.
നബി (സ) പറഞ്ഞു: لا نكاح إلا بولي "രക്ഷാധികാരിയില്ലാതെ വിവാഹമില്ല". ഒരു സ്ത്രീ സ്വയം വിവാഹബന്ധത്തിലേർപ്പെട്ടാൽ ആ വിവാഹം അസാധുവാണ്. ആ വിവാഹം അവൾ ചെയ്താലും മറ്റൊരാളെ ഏൽപ്പിച്ചാലും ശരി.
പ്രായപൂർത്തിയായവനും ബുദ്ധിയും വിവേകമുള്ളവനുമായ വധുവിൻെറ അടുത്ത ബന്ധുവാണ് രക്ഷാധികാരി. പിതാവ്, പിതാവിൻെറ പിതാവ്, മകൻ, മകൻെറ മകൻ, സ്വസഹോദരൻ, പിതാവിലൂടെയുള്ള സഹോദരൻ, പിതൃവ്യൻ, പിതാവിലൂടെയുള്ള പിതൃവ്യൻ, അവരുടെ സന്താ

നങ്ങൾ, പിന്നീട് ഏറ്റവും അടുത്ത ബന്ധുക്കൾ എന്നിങ്ങനെയാണ് രക്ഷാധികാരികളുടെ ക്രമം.
വധുവിൻെറ മാതാവ് വഴിയുള്ള സഹോദരന്മാർ, അവരുടെ ആൺ സന്തതികൾ, മാതാവിൻെറ പിതാവ്, മാതൃസഹോദരന്മാർ, എന്നിവർക്ക് രക്ഷാധികാരമില്ല. കാരണം അസ്വബക്കാരിൽ (പിതാവ് വഴിയുള്ള ബന്ധുക്കൾ) അവർ പെടുകയില്ല.
വിവാഹത്തിന് രക്ഷാധികാരി അനിവാര്യമാണെന്ന് പറഞ്ഞല്ലൊ. അതിനാൽ അന്വേഷണം കൂടുതലാളുകളിൽ നിന്നുണ്ടായാൽ അയാൾ അവരിൽ ഏറ്റവും അനുയോജ്യരെ തെരഞ്ഞെടുക്കൽ നിർബന്ധമാണ്. ഇനി അനുയോജ്യനായ ഒരാളിൽ നിന്ന് മാത്രം അന്വേഷണമുണ്ടാകുകയും അവൾ അവനെ തൃപ്തിപ്പെടുകയും ചെയ്താൽ ആ വിവാഹം നടത്തൽ രക്ഷാധികാരിക്ക് നിർബന്ധമാണ്. അല്ലാഹു വധുവിൻെറ മേൽ രക്ഷാധികാരിക്ക് നൽകിയ ഉത്തരവാദിത്വത്തിൻെറ പ്രാധാന്യം ഇവിടെ മനസ്സിലാക്കപ്പെടേണ്ടതുണ്ട്. അത് വിശ്വസ്ഥതയോടെ ശരിയായ രീതിയിൽ പരിരക്ഷിക്കേണ്ടത് അയാൾക്ക് നിർബന്ധമാണ്. തൻെറ വ്യക്തി താൽപര്യങ്ങൾക്ക് വേണ്ടി ആ അധികാരം പിടിച്ചുവെക്കുകയോ തനിക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ മോഹിച്ച് യോജിക്കാത്തവന് വിവാഹം ചെയ്തു കൊടുക്കുകയോ ചെയ്യുന്നത് രക്ഷാധികാരിക്ക് അനുവദനീയമല്ല. കാരണം അത് വഞ്ചനയാണ്.
അല്ലാഹു പറയുന്നു: സത്യ വിശ്വാസികളെ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞു

കൊണ്ട് വഞ്ചന കാണിക്കുകയും അരുത്. [അൻഫാൽ:27]
നിശ്ചയം നന്ദികെട്ട വഞ്ചകരെയൊന്നും അല്ലാഹു ഇഷ്ടപ്പെടുകയില്ല. [ഹജ്ജ്:38]

നബി (സ) പറയുന്നു: كلكم راع وكلكم مسؤول عن رعيته
നിങ്ങളെല്ലാം ഭരണകർത്താക്കളാണ്. നിങ്ങളെല്ലാം തങ്ങളുടെ ഭരണീയരെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. [ബുഖാരി]
യോജിച്ച വരനിൽ നിന്നും അന്വേഷണം വന്നിട്ടും മക്കളെ വിവാഹം ചെയ്തു കൊടുക്കാത്ത ചില രക്ഷിതാക്കളുണ്ട്. മാത്രമല്ല പിന്നീട് വരുന്ന അന്വേഷകരെയും അയാൾ തിരസ്കരിക്കുന്നു. ഇപ്രകാരം ചെയ്യുന്ന വ്യക്തിയുടെ രക്ഷാധികാരം നഷ്ടപ്പെടുന്നതാണ്. ഏറ്റവും അടുത്ത മറ്റു രക്ഷാധികാരി അവളെ വിവാഹം ചെയ്തു കൊടുക്കേണ്ടതുമാണ്.

## 4- വധുവിൻെറ ഗുണങ്ങൾ

ദാമ്പത്യസുഖമനുഭവിക്കലും ഉത്തമകുടുംബ സ്ഥാപനവും, മാതൃകാ സമൂഹ സൃഷ്ടിയുമാണ് വിവാഹത്തിൻെറ ഉദ്ദേശ്യങ്ങളെന്ന് മുമ്പ് വിവരിച്ചല്ലോ. ഇത് സാധിക്കാൻ വധുവിന് രണ്ട് ഗുണങ്ങൾ ഉണ്ടായിരിക്കണം.

1- ബാഹ്യ സൗന്ദര്യം: സൃഷ്ടിയിലെ പൂർണതയാണത്. വധു സുന്ദരിയും സൗമ്യ സംസാരമുള്ളവളുമാണെങ്കിൽ അവളെ ദർശിക്കുന്നത് നയനാനന്ദകരമായിരിക്കും.

അവളുടെ സംസാരം കാതുകൾ ശ്രവിക്കും. അങ്ങനെ ഹൃദയം തുറക്കുകയും വിശാലമാകുകയും അവളിലേക്ക് മനസ്സ് ശാന്തിയടയുകയും ചെയ്യും. അല്ലാഹു പറയുന്നു:

നിങ്ങൾക്ക് സമാധാനപൂർവ്വം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തമുണ്ട്. [അൽറൂം:21]

2- ആന്തരിക സൗന്ദര്യം: മതനിഷ്ടയിലും സ്വഭാവത്തിലുമുള്ള സമ്പൂർണതയാണത്. മതനിഷ്ട കൂടുതൽ പുലർത്തുകയും സ്വഭാവത്തിൽ പൂർണത കൈവരിക്കുകയും ചെയ്യുന്നതിനനുസരിച്ച് അവൾ മനസ്സിന് ഇഷ്ടപ്പെട്ട വളും ഏറ്റവും നല്ല പര്യവസാനമുള്ളവളുമായിത്തീരുന്ന താണ്.

മതബോധമുള്ള വധു അല്ലാഹുവിൻെറ കൽപനകൾ നിർവ്വഹിക്കുന്നു. ഭർത്താവിനോടും സന്താനങ്ങളോടുമുള്ള കടമകൾ പാലിക്കുന്നു. ഭർതൃസമ്പത്തും വിരിപ്പും സംരക്ഷിക്കുന്നു. അല്ലാഹുവിനെ അനുസരിക്കുന്നതിൽ ഭർത്താവിനെ സഹായിക്കുന്നു. മറവി സംഭവിച്ചാൻ അവനെ ഓർമ്മിപ്പിക്കുന്നു. അവൻ അലസതയുള്ളവനാകുമ്പോൾ അവനെ ഉത്സാഹിയാക്കുന്നു. അവൻ കോപിക്കുമ്പോൾ അവനെ അവൾ തൃപ്തിപ്പെടുത്തുന്നു. സംസ്കാരമുള്ള വധു ഭർത്താവിനെ സ്നേഹിക്കും. ആദരിക്കും. ഭർത്താവ് അവൾ പങ്കാളിയാകണമെന്ന്

ആഗ്രഹിക്കുന്ന ഒരു കാര്യത്തിലും അവൾ പിന്മാറുകയില്ല. ഏതെങ്കിലും കാര്യത്തിൽ നിന്ന് അവൾ പിന്മാറുന്നതാണ് ഭർത്താവിന് ഇഷ്ടമെങ്കിൽ അതിൽ അവൾ പ്രവേശിക്കുകയില്ല.

നബി (സ) യോട് ചോദിച്ചു: സ്ത്രീകളിൽ ഏറ്റവും ഉത്തമ ആരാണ്? നബി (സ) പറഞ്ഞു: അവൻ അവളെ നോക്കിയാൽ അവനെ അവൾ സന്തോഷിപ്പിക്കും. അവൻ കൽപിച്ചാൽ അവൾ അനുസരിക്കും. അവളുടെ ശരിരത്തിലോ അവൻെറ സമ്പത്തിലോ അവൻ വെറുക്കുന്നത് കൊണ്ട് അവൾ എതിർ പ്രവർത്തിക്കുകയില്ല.

നബി (സ) പറയുന്നു: നിങ്ങൾ കുടുതൽ സ്നേഹിക്കുകയും അധികം പ്രസവിക്കുകയും ചെയ്യുന്നവരെ വിവാഹം ചെയ്യുക. ഞാൻ നിങ്ങളെക്കൊണ്ട് നബിമാരോട് അല്ലെങ്കിൽ സമുദായങ്ങളോട് പെരുമ കാണിക്കുന്നതാണ്.

ബാഹ്യവും ആന്തരികവുമായ സൗന്ദര്യമുള്ള ഒരു വധുവിനെ നേടാൻ സാധിച്ചാൽ അത് അല്ലാഹുവിൻെറ സഹായത്താൽ സമ്പൂർണ്ണവും സൗഭാഗ്യവുമായിത്തീരുന്നതാണ്.

## 5- വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവർ

നബി (സ) പറയുന്നു: അല്ലാഹു ചിലത് നിർബന്ധമാക്കിയിട്ടുണ്ട്. അത് നിങ്ങൾ പാഴാക്കരുത്. അല്ലാഹു ചില പരിധികൾ നിശ്ചയിച്ചിട്ടുണ്ട്. അത് നിങ്ങൾ ലംഘിക്കരുത്.

വിവാഹത്തോട് ബന്ധപ്പെട്ട് വരുന്ന നിഷിദ്ധതയും അനുവദനീയതയും പ്രസ്തുത നിയമ പരിധികളിൽ പെട്ടതാണ്. അതിനാൽ കുടുംബം, മുലകുടി, വിവാഹം തുടങ്ങിയ ബന്ധങ്ങളാൽ നിശ്ചിത സ്ത്രീകളെ വിവാഹം ചെയ്യുന്നത് ഇസ്ലാം നിഷിദ്ധമാക്കി. ആ നിഷിദ്ധമാക്കപ്പെട്ടവർ രണ്ടു വിഭാഗമുണ്ട്.

1- സ്ഥിരമായി നിഷിദ്ധമായവർ

അവർ മൂന്ന് വിഭാഗമുണ്ട്. 1-തറവാട് (രക്ത)ബന്ധം കൊണ്ട് നിഷിദ്ധമാക്കപ്പെട്ടവർ. അവർ ഏഴ് വിഭാഗമാണ്. അല്ലാഹു പറയുന്നു. നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദര പുത്രിമാർ, സഹോദരി പുത്രിമാർ, (എന്നിവരെ വിവാഹം ചെയ്യൽ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) [ നിസാഅ്:23 ]

മാതാവ് എന്നതിൽ മാതാവും മാതാമഹികളും ഉൾപ്പെടുന്നതാണ്. അവർ പിതാവ് വഴിക്കായാലും മാതാവ് വഴിക്കായാലും വ്യത്യാസമില്ല.

പുത്രിമാർ എന്നതിൽ സ്വപുത്രിമാരും അവരുടെയും ആൺമക്കളുടെയും പുത്രിമാരും ഉൾപ്പെടുന്നതാണ്. (അവർ എത്ര താഴോട്ട് പോയാലും ശരി)

സഹോദരിമാരിൽ സ്വസഹോദരിമാരും മാതാവോ പിതാവോ വഴിക്കുള്ള സഹോദരിമാരും ഉൾപ്പെടുന്നതാണ്.

പിതൃസഹോദരിമാരിൽ പിതാവിൻെറയും പിതാമഹന്മാരുടെയും മാതാവിൻെറയും മാതാമഹികളുടെയും പിതൃസഹോദരിമാരും കൂടി ഉൾപ്പെടുന്നതാണ്. മാതൃസഹോദരിമാരിൽ പിതാവിൻേറയും പിതാമഹന്മാരുടെയും മാതാവിൻേറയും മാതാമഹിമാരുടേയും മാതൃസഹോദരിമാരും

ഉൾപ്പെടുന്നതാണ്. (അവർ എത്ര താഴോട്ടുള്ളവരാ യാലും) .

സഹോദര പുത്രിമാരിൽ സ്വസഹോദരൻെറയും പിതാവ് വഴിയുള്ളതോ മാതാവ് വഴിയുള്ളതോ ആയ സഹോദര രുടെ പുത്രിമാരും അവരുടെ പുത്രന്മാരുടെയും പുത്രിമാ രുടെയും പുത്രിമാരും ഉൾപ്പെടുന്നതാണ്.(അവർ എത്ര താഴോട്ടുള്ളവരാണെങ്കിലും)

സഹോദരി പുത്രിമാരിൽ സ്വസഹോദരിയുടെയും പിതാവ് വഴിയോ മാതാവ് വഴിയോ ഉള്ള സഹോദരിയുടെയും പുത്രിമാരും അവരുടെ ആൺ പെൺ സന്തതികളുടെ പുത്രിമാരും ഉൾപ്പെടുന്നതാണ്.

2- മുലകുടി ബന്ധം കൊണ്ട് നിഷിദ്ധമായവർ:

അവർ തറവാട് ബന്ധം കൊണ്ട് നിഷിദ്ധമായവരെപ്പോ ലെയാണ്. നബി (സ) പറഞ്ഞു: "തറവാടിനാൽ നിഷിദ്ധ മാകുന്നത് മുലകുടിയാൽ നിഷിദ്ധമാകുന്നതാണ്". പക്ഷെ, അത് നിഷിദ്ധമാകണമെങ്കിൽ ചില നിബന്ധന കളുണ്ട്.

1- അഞ്ചോ അതിലധികമോ തവണ മുലകുടിക്കണം. ഒരു ശിശു ഒരു സ്ത്രീയിൽ നിന്ന് നാല് തവണ മുലകുടിച്ചാൽ അവൾ ആ ശിശുവിൻെറ മാതാവായിത്തീരുകയില്ല. ആയിഷ (റ) പറഞ്ഞു: നിഷി ദ്ധമാകുന്നതിന് പത്ത്തവണ മുലയൂട്ടണമെന്നാ യിരുന്നു അവതരിച്ച വേദത്തിലുണ്ടായിരുന്നത്. പിന്നീട് അത് ദുർബ്ബലപ്പെടുത്തി അഞ്ച്തവണയാക്കി. വേദത്തിലെ ഈ നിയമമായിരുന്നു നബി (സ) ചരമം പ്രാപിച്ചപ്പോഴുണ്ടായിരുന്നത്. [മുസ്ലിം]

2- മുലയൂട്ടിയത് മുലകുടി നിറുത്തുന്നതിന് മുമ്പായിരി ക്കണം. കുട്ടിയുടെ മുലകുടി മാറ്റുന്നതിൻെറ മുമ്പ് അഞ്ച് തവണയുണ്ടായാലേ ബന്ധം സ്ഥാപിതമാവു കയുള്ളൂ. അഞ്ച്തവണയും മുലയൂട്ടിയത് മുലകുടി അവസാനിപ്പിച്ച ശേഷമോ, അല്ലെങ്കിൽ കുറച്ചു തവണ മാറ്റുന്നതിൻെറ മുമ്പും ബാക്കി ശേഷവും ആയാലും ആ സ്ത്രീ അവൻെറ മാതാവാകുകയില്ല.

മുലകുടിയുടെ നിബന്ധനകൾ പൂർണ്ണമായാൽ ശിശു ആ സ്ത്രീയുടെ കുട്ടിയായിത്തീരും. അവളുടെ സന്താന ങ്ങൾ അവൻെറ സഹോദരങ്ങളുമാകുന്നതാണ്. അവർ അവൻെറ മുമ്പുള്ളവരോ ശേഷമുള്ളവരോ എന്ന വ്യത്യാസമില്ല. പാലിൻെറ ഉടമ(ഭർത്താവ്)യുടെ സന്താന ങ്ങളും അവൻെറ സഹോദരങ്ങളാകും. അവർ അവന് പാലൂട്ടിയ സ്ത്രീയിൽ നിന്നുള്ളവരോ മറ്റു സ്ത്രീയിൽ നിന്നുള്ളവരോ ആയാലും ശരി.

ഇവിടെ മുലകുടിച്ചയാളുടെ സന്താനങ്ങളല്ലാത്ത മറ്റു ബന്ധുക്കളുമായി മുലകുടി ബന്ധമുണ്ടാവുന്നില്ലെന്നതും അത് അവരിൽ ഒരു സ്വാധീനവും ഉണ്ടാക്കുന്നുമില്ലെ ന്നതും ശ്രദ്ധേയമാണ്. അതിനാൽ കുട്ടിയുടെ മുലകുടി ബന്ധത്തിലൂടെയുള്ള മാതാവിനേയോ സഹോദരിയേ യോ അവൻെറ തറവാട് വഴിയുള്ള സഹോദരന് വിവാഹം ചെയ്യുന്നത് അനുവദനീയമാകുന്നതാണ്. എന്നാൽ ആ കുട്ടിയുടെ സന്താനങ്ങൾ പാലൂട്ടിയ സ്ത്രീയുടെയും പാലിൻെറ ഉടമയുടെയും സന്താനങ്ങളാ യിത്തീരുന്നതാണ്.

3- വിവാഹത്തിലൂടെ നിഷിദ്ധമാകുന്നവർ

1- പിതാവിൻെറയും പിതാമഹന്മാരുടെയും ഭാര്യമാർ. അവർ പിതാവ് വഴിയോ മാതാവ് വഴിയോ ആകട്ടെ. അല്ലാഹു പറയുന്നു. നിങ്ങളുടെ പിതാ ക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം ചെയ്യരുത്. [നിസാഅ്: 22]

ഒരാൾ ഒരു സ്ത്രീയുമായി വിവാഹ കർമ്മം നടത്തിയാൽ അവൾ അയാളുടെ സന്താനങ്ങൾക്കും അവരുടെയോ അയാളുടെ പെൺമക്കളുടെയോ സന്താനങ്ങൾക്കും അവളെ വിവാഹം ചെയ്യൽ നിഷിദ്ധമാകുന്നു. അയാൾ അവളുമായി ലൈംഗിക ബന്ധം നടത്തിയാലും ഇല്ലെങ്കിലും ശരി.

2- ആൺമക്കളുടെ ഭാര്യമാർ. അവൾ എത്ര താഴോട്ടു വന്നാലും ശരി. അല്ലാഹു പറയുന്നു നിങ്ങളുടെ മുതുകുകളിൽ നിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. [നിസാഅ്:23]

ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ അവൾ അയാളുടെ പിതാവിനും പിതാമഹന്മാർക്കും നിഷിദ്ധ മായിത്തീരുന്നതാണ്. അവർ പിതാവ് വഴിയായാലും മാതാവ് വഴിയായാലും ശരി. ഈ നിഷിദ്ധതക്ക് ലൈംഗിക ബന്ധത്തിൻെറ ആവശ്യമില്ല. പ്രത്യുത വിവാഹ കർമ്മം കൊണ്ട് മാത്രം ഉണ്ടാകുന്നതാണ്.

3- ഭാര്യാ മാതാവും അവരുടെ മാതാക്കളും. അവർ എത്ര മുകളിലുള്ളവരായാലും ശരി. അല്ലാഹു പറഞ്ഞു: നിങ്ങളുടെ ഭാര്യമാരുടെ ഉമ്മമാരും. [നിസാഅ്: 23]

ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതോടെ അവളുടെ മാതാവും മാതാമഹികളും അയാൾക്ക് നിഷിദ്ധമാകുന്നതാണ്. അവളുമായി അയാൾക്ക് ലൈംഗിക ബന്ധം ഉണ്ടായില്ലെങ്കിലും ശരി. ആ മാതാമഹികൾ പിതാവോ മാതാവോ വഴിയാകട്ടെ.

4- ഭാര്യയുടെ പുത്രിമാർ. അവളുടെ ആൺമക്കളുടെ യും പെൺമക്കളുടെയും പുത്രിമാർ. അവർ എത്ര താഴോട്ട് വന്നാലും ശരി

വളർത്തു പുത്രിമാരും (അയാൾക്ക് പിറന്നതല്ലാത്ത മകൾ) അവരുടെ സന്തതികളുമാണ് അത്കൊണ്ട് വിവക്ഷ. പക്ഷെ, നിഷിദ്ധമാകണമെങ്കിൽ അയാൾ ഭാര്യയുമായി ലൈംഗികബന്ധം പുലർത്തണം. സംയോഗത്തിൻെറ മുമ്പായി അവളുമായി ബന്ധം വേർപ്പെടുത്തിയാൽ അവളുടെ പുത്രിമാർ നിഷിദ്ധമാകുന്നതല്ല. അല്ലാഹു പറഞ്ഞു: നിങ്ങൾ ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരെയും (വിവാഹം ചെയ്യുന്നത് നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ചയിലേർപ്പെട്ടിട്ടില്ലെങ്കിൽ അവരുടെ മക്കളെ വേൾക്കുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല. [നിസാഅ്:23]

ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്ത് അവളുമായി ലൈംഗിക വേഴ്ച നടത്തിയാൽ അവളുടെ പുത്രിമാരും അവളുടെ ആൺമക്കളുടെയും പെൺമക്കളുടെയും പുത്രിമാരും അവന് നിഷിദ്ധമാകുന്ന

താണ്. ആ പുത്രിമാർ തൻെറ മുമ്പോ ശേഷമോ ഉള്ള ഭർത്താവിൽ നിന്നുള്ളവരായിരുന്നാലും ശരി. ഇനി സംയോഗത്തിലേർപ്പെടുന്നതിന് മുമ്പ് അവർ തമ്മിൽ വേർപിരിഞ്ഞാൽ വളർത്തുപുത്രിമാരും അവരുടെ പുത്രിമാരും അവന് നിഷിദ്ധമാകുന്നതല്ല.

### 2- നിശ്ചിത കാലം നിഷിദ്ധമാകുന്നവർ

അവർ വിവിധ വിഭാഗങ്ങളുണ്ട്:

1- ഭാര്യയുടെ സഹോദരി, അവളുടെ മാതൃസഹോദരി, അവളുടെ പിതൃസഹോദരി, എന്നിവരാണ്. ഭാര്യയുമായുള്ള ബന്ധം മരണം കൊണ്ടോ വിവാഹ മോചനം കൊണ്ടോ വേർപ്പെട്ടു ഇദ്ദഃ കാലം കഴിയുന്നത് വരെ അവരെ വിവാഹം ചെയ്യൽ അനുവദനീയമല്ല. അല്ലാഹു പറഞ്ഞു: രണ്ടു ഭാര്യമാരെ ഒന്നിച്ചു ഭാര്യമാരാക്കുന്നതും നിഷിദ്ധമാകുന്നു. [നിസാഅ്:23]

നബി (സ) പറയുന്നു: ഒരു സ്ത്രിയെയും അവളുടെ പിതൃസഹോദരിയേയും ഒരുമിപ്പിക്കാവതല്ല. ഒരു സ്ത്രീയെയും അവളുടെ മാതൃ സഹോദരിയേയും ഒരുമിച്ചു കൂട്ടാവതല്ല. [ബുഖാരി, മുസ്ലിം ]

2- ഇദ്ദയനുഷ്ടിക്കുന്നവൾ- മറ്റൊരാൾക്ക് വേണ്ടി ദീക്ഷാകാലം അനുഷ്ഠിക്കുന്ന സ്ത്രീയെ ആ കാലം കഴിയുന്നത് വരെ വിവാഹം ചെയ്യൽ അനുവദനീയമല്ല. മാത്രമല്ല, ഇദ്ദ കഴിയുന്നതു വരെ വിവാഹാലോചനയും അനുവദനീയമല്ല.

3- ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്തവൾ- അപ്രകാരമുള്ള സ്ത്രീയുമായി ഇഹ്റാമിൽ നിന്ന്

വിരമിക്കുന്നത് വരെ വിവാഹ കർമ്മം നടത്തുന്നത് അനുവദനീയമല്ല.

ഋതുമതിയെ വിവാഹം ചെയ്യുന്നതിന് വിലക്കില്ല. പക്ഷെ, കുളിച്ചു ശുദ്ധിയാകുന്നത് വരെ ലൈംഗിക വേഴ്ച നടത്താവതല്ല.

ഇനിയും നിഷിദ്ധമായിത്തീരുന്നവരുണ്ടെങ്കിലും ദൈർഘ്യം ഭയന്ന് വിശദീകരിക്കുന്നില്ല.

## 6- ബഹു ഭാര്യത്വം

ഒരാൾക്ക് ഉദ്ദേശിക്കുന്നത്ര സ്ത്രികളെ വിവാഹം ചെയ്യാൻ അനുവദിക്കുന്നത് അരക്ഷിതാവസ്ഥയുണ്ടാക്കുകയും അക്രമ ത്തിലേക്ക് നയിക്കുകയും ചെയ്യും. മാത്രമല്ല, ഭാര്യമാരോടുള്ള ബാധ്യതകൾ നിർവ്വഹിക്കാൻ കഴിയാതാവുകയും ചെയ്യും. മറിച്ച് ഏക ഭാര്യയിൽ പരിമിതമാക്കുന്നത് തിന്മയിലേക്കും നിഷിദ്ധ മാർഗ്ഗേണയുള്ള ലൈംഗികതയിലേക്കും എത്തിക്കു ന്നതിന് ഇടയാക്കും. അതിനാൽ ബഹുഭാര്യത്വം നാലിൽ പരിമിതപ്പെടുത്തിക്കൊണ്ട് അനുവദിച്ചു. കാരണം നീതി പാലിക്കാനും ഭാര്യമാരോടുള്ള കടമകൾ നിർവ്വഹിക്കാനും ഒരാൾക്ക് സാധിക്കാവുന്ന എണ്ണമാണത്. മാത്രമല്ല, ഒന്നിലധികം ഭാര്യമാരെ ആവശ്യമുള്ളവനെ സംബന്ധിച്ചി ടത്തോളം അവൻെറ ആവശ്യ പൂർത്തീകരണത്തിന് നാലെ ണ്ണം കൊണ്ട് സാധിക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു: സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെ ടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താ

നാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം വിവാഹം ചെയ്യുക. [നിസാഅ്:3]
നബി (സ) യുടെ കാലത്ത് ഗയ്‌ലാനസഖ്ഫീ (റ) ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തിന് പത്ത് ഭാര്യമാരുണ്ടായിരുന്നു. നബി (സ) അവരിൽ നിന്ന് നാലാളെ തെരഞ്ഞെടുക്കാനും അവശേഷിക്കുന്നവരെ വേർപിരിക്കാനും അദ്ദേഹത്തോട് കൽപ്പിച്ചു.
ഖൈസ് ബ്നു ഹാരിസ (റ) പറയുന്നു: ഞാൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ എനിക്ക് എട്ട് ഭാര്യമാരുണ്ടായിരുന്നു. ഞാൻ നബി (സ) യുടെ അടുത്ത് ചെന്ന് ഈ കാര്യം പറഞ്ഞു. അപ്പോൾ നബി (സ) പറഞ്ഞു: അവരിൽ നിന്ന് നാലു പേരെ തെരഞ്ഞെടുക്കുക.

## ബഹുഭാര്യാത്വത്തിൻെറ ഗുണങ്ങൾ

1- അത് അനിവാര്യമാകുന്ന ചില ഘട്ടങ്ങളുണ്ട്. ഭാര്യ രോഗിയോ വൃദ്ധയൊ ആവുന്നത് പോലെ. ഇവിടെ ഒരുവളിൽ പരിമിതപ്പെടുത്തിയാൽ ഭർത്താവിന് വികാര ശമനം സാധിക്കാതെ വരികയും ഒരു പക്ഷെ പുതിയൊരു വിവാഹം ചെയ്യാതിരുന്നാൽ സ്വയം ഏറെ പ്രയാസപ്പെടേണ്ടി വരികയും ചെയ്യുന്നതാണ്. മാത്രമല്ല ചിലപ്പോൾ അവിഹിത വേഴ്ചയെക്കുറിച്ചുള്ള ആശങ്ക യും അവനിലുണ്ടാക്കിയേക്കാം. ഇനി അവളെ വിവാഹ മോചനം ചെയ്യുമ്പോൾ തനിക്ക് സന്താനങ്ങളുണ്ടെങ്കിൽ അവരെയും മാതാവിനെയും വേർപിരിക്കൽ കൂടിയാ

കുമല്ലൊ. അപ്പോൾ ഈ പ്രതിസന്ധിക്കുള്ള പരിഹാരം ഒന്നിലധികം വിവാഹം അനുവദിക്കുക മാത്രമാണ്.

2- വിവാഹം ജനങ്ങൾക്കിടയിൽ ബന്ധമുണ്ടാക്കുന്നു. അതിനാൽ അല്ലാഹു അതിനെ രക്തബന്ധത്തിൻെറ സമാനഭാഗമാക്കി. അല്ലാഹു പറയുന്നു. അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. [ഫുർഖാൻ:53

ബഹുഭാര്യത്വം കൂടുതൽ കുടുംബങ്ങൾക്കിടയിൽ പരസ്പര ബന്ധമുണ്ടാക്കുന്നു. നബി (സ) ബഹുഭാര്യത്വം സ്വീകരിച്ചതിൻെറ കാരണങ്ങളിലൊന്ന് അതായിരുന്നു.]

3- ബഹുഭാര്യത്വത്തിലൂടെ അനേകം സ്ത്രീകൾക്ക് ജീവിത രക്ഷ ലഭിക്കുന്നു. ഭക്ഷണം, പാർപ്പിടം തുടങ്ങിയ അവ രുടെ ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നു. സന്താനാധി കൃവും ഉണ്ടാകുന്നു. ഇതൊക്കെ മതം ലക്ഷ്യമാക്കുന്ന കാര്യങ്ങളാണ്.

4- ലൈംഗിക വികാരം വളരെ കൂടുതലുള്ള ചില പുരുഷന്മാരുണ്ട്. ഒരു ഭാര്യ അവർക്ക് മതിയാകില്ല. അവൻ ഭക്തനും വ്യഭിചാരത്തെ ഭയപ്പെടുന്നവനുമാണ്. പക്ഷെ, അനുവദനീയ മാർഗ്ഗത്തിലൂടെ തൻെറ ആവശ്യം നിർവ്വഹിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. അപ്പോൾ മാന്യമായി ബഹുഭാര്യത്വം അനുവദിച്ചത് അല്ലാഹുവിൻെറ സൃഷ്ടികളോടുള്ള കാരുണ്യമായി.

## 7-വിവാഹത്തിൻെറ തത്വം

ഇസ്ലാമിക വിധികൾ ലക്ഷ്യങ്ങളുള്ളതും കൃത്യമായ സ്ഥാന നിർണ്ണയമുള്ളതുമാണ്. അതിലൊന്നും വ്യർത്ഥ മായതോ പൊള്ളയായതോ ഇല്ല. കാരണം അത് മുഴുവനും സൂക്ഷ്മ ജ്ഞാനിയും തത്വങ്ങളറിയുന്നവനുമായ പടച്ച വനിൽ നിന്നുള്ളതാണ്.

എന്നാൽ എല്ലാ നിയമങ്ങളുടെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ സൃഷ്ടികൾക്ക് അറിയുവാൻ കഴിയുമോ? അറിവിലും ചിന്തയിലും ബുദ്ധിയിലുമൊക്കെ പരിമിതിയുള്ള മനുഷ്യന് എല്ലാം അറിയാൻ സാധ്യമല്ല. എല്ലാറ്റിനേയും കുറിച്ചുള്ള അറിവ് അവന് നൽകപ്പെടുകയുമില്ല. അല്ലാഹു പറയുന്നു: അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല. [ഇസ്റാഅ് - 85]

അതിനാൽ അല്ലാഹു തൻെറ ദാസന്മാർക്ക് വേണ്ടി നിയമമാക്കിയ എല്ലാ വിധികളും തൃപ്തിപ്പെടുകയാണ് നമ്മുടെ കടമ. അതിലുള്ള തത്വങ്ങൾ നമുക്ക് മനസ്സിലായാലും ഇല്ലെങ്കിലും ശരി. കാരണം നമുക്കറിയില്ലെന്നത് കൊണ്ട് അതിലുള്ള തത്വങ്ങൾ യഥാർത്ഥത്തിൽ ഇല്ലാതാകുന്നില്ല. പ്രത്യുത അവ കണ്ടെത്തുന്നതിലുള്ള നമ്മുടെ ബുദ്ധിയുടെയും അറിവിൻേറയും കുറവിനെയാണ് അത് കുറിക്കുന്നത്.

## ചില തത്വങ്ങൾ

1- ദമ്പതികളുടെ മാന്യത സംരക്ഷിക്കുകയാണ്. നബി (സ) പറയുന്നു: യുവസമൂഹമേ, നിങ്ങളിൽ വിവാഹത്തിന് കഴിവുള്ളവർ വിവാഹം ചെയ്യട്ടെ. നിശ്ചയം അത് കണ്ണിനെ നിയന്ത്രിക്കുകയും ലൈംഗികശുദ്ധി സംരക്ഷി

ക്കുകയും ചെയ്യും. വിവാഹത്തിന് കഴിവില്ലാത്തവർ വ്രതമനുഷ്ടിക്കട്ടെ. അത് അവൻെറ വികാരത്തെ നിയന്ത്രിക്കുന്നതാണ്.

2- ധാർമ്മികമായ അധഃപതനത്തിൽ നിന്നും തിന്മയിൽ നിന്നും സമൂഹത്തെ രക്ഷിക്കലാണ്. കാരണം വിവാഹമില്ലെങ്കിൽ സ്ത്രീപുരുഷന്മാർക്കിടയിൽ മ്ളേഛത കൾ വ്യാപിക്കുന്നതാണ്.

3- ഇണകൾ പരസ്പരം കടമകൾ നിർവ്വഹിച്ചും നല്ല പെരുമാറ്റവും കൊണ്ട് ജീവിതം സുഖകരമാക്കുന്നു. അവൾക്കുള്ള ഭക്ഷണപാനീയങ്ങൾ, വസ്ത്രം പാർപ്പിടം തുടങ്ങിയവ മാന്യമായി ചെലവഴിക്കുകയും ചെയ്യുന്നു. നബി (സ) പറഞ്ഞു: ഭാര്യമാർക്ക് മര്യാദയനുസരിച്ച് ഭക്ഷണവും വസ്ത്രവും നൽകേണ്ടത് നിങ്ങളുടെ ബാധ്യ തയാണ്. ഭാര്യ ഭർത്താവിൻെറ വീട്ടിലെ കാര്യങ്ങൾ ശ്രദ്ധിച്ചും പരിപാലിച്ചും തൻെറ ബാധ്യതകളെല്ലാം നിൽവഹിക്കുന്നതിലൂടെ ഭർത്താവിനെ സഹായിക്കുന്നു. നബി (സ) പറഞ്ഞു: സ്ത്രീ ഭർതൃ ഭവനത്തിലെ ഭരണാ ധിപയാണ്. തൻെറ ഭരണീയരെകുറിച്ച് അവൾ ചോദി ക്കപ്പെടുന്നതാണ്.

4- കുടുംബങ്ങളും ഗോത്രങ്ങളും തമ്മിൽ ശക്തമായ ബന്ധം സ്ഥാപിതമാകുന്നു. അപരിചിതരായിരുന്ന എത്ര യോ അകന്ന കുടുംബങ്ങൾ വിവാഹത്തിലൂടെ അടുക്കു കയും ബന്ധമുണ്ടാകുകയും ചെയ്യുന്നുണ്ട്. അത് കൊണ്ടാണ് അല്ലാഹു ഈ ബന്ധത്തെ രക്ത ബന്ധത്തിന്തുല്യമാക്കിയത്.

5- മനുഷ്യ വംശം സുരക്ഷിതമായ രൂപത്തിൽ നിലനിൽ ക്കുന്നു. കാരണം മനുഷ്യ വംശം നിലനിൽക്കുന്നത്

സന്താനങ്ങളിലൂടെയാണ്. അത് സാധിക്കുന്നത് വിവാഹത്തിലൂടെയും. അല്ലാഹു പറയുന്നു: "മനുഷ്യരെ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും അതിൽ നിന്ന് തന്നെ അതിൻെറ ഇണയെയും സൃഷ്ടിക്കുകയും അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷന്മാരേയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക. [നിസാഅ്:1] വിവാഹമില്ലെങ്കിൽ ഒരു പക്ഷെ മനുഷ്യ വംശത്തിൻെറ നാശമുണ്ടാകണം. അല്ലെങ്കിൽ വ്യഭിചാരത്തിലൂടെ തലമുറയുണ്ടാകണം അപ്പോൾ ആ തലമുറ തറവാടില്ലാത്തവരും സംസ്കാരമില്ലാത്തവരുമായിരിക്കും.

## സന്താന നിയന്ത്രണം.

എണ്ണം നിശ്ചയിച്ചുകൊണ്ടുള്ള സന്താന നിയന്ത്രണം മതവിരുദ്ധമാണ്. നബി (സ) കൂടുതൽ പ്രസവിക്കുന്ന സ്ത്രീകളെ വിവാഹം ചെയ്യാനും തന്മൂലം ഇതര നബിമാരോടും സമൂഹങ്ങളോടും പെരുമ കാണിക്കുന്നതിന് അത് നിമിത്തമാകുമെന്നും പറഞ്ഞിട്ടുണ്ടല്ലോ.
പണ്ധിതന്മാർ പറയുന്നു. കൂടുതൽ പ്രസവിക്കുന്നവളാണെന്ന് മുൻ വിവാഹത്തിലൂടെയോ അല്ലെങ്കിൽ മാതാവ് സഹോദരി തുടങ്ങിയ ബന്ധുക്കളുടെ അനുഭവത്തിലൂടെയോ അറിയപ്പെട്ടവളെ വിവാഹം ചെയ്യുന്നത് പ്രധാനമാണ്. സന്താന നിയന്ത്രണത്തിനുള്ള പ്രേരകം ഭക്ഷണത്തിനുള്ള ഞെരുക്കമോ വളർത്തുന്നതിലുള്ള ബുദ്ധിമുട്ടോ ആയിരിക്കും.

ആദ്യത്തേതാ ണെങ്കിൽ അത് അല്ലാഹുവിനെ കുറിച്ചുള്ള തെറ്റിദ്ധാരണ യാണ്. അവൻ ഓരോ സൃഷ്ടിക്കുമുള്ള ഭക്ഷണം നിശ്ച യിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: ഭൂമിയിൽ യാതൊരു ജീവിയും അതിൻെറ ഉപജീവനം അല്ലാഹു ബാധ്യത ഏറ്റതായട്ടല്ലാതെയില്ല. [ഹൂദ്:6] “സ്വന്തം ഉപജീവനത്തിൻെറ ചുമതല വഹിക്കാത്ത എത്രയെത്ര ജീവികളുണ്ട്. അല്ലാഹുവാ ണ് അവയ്ക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവൻ എല്ലാം കേൾക്കുകയും അറിയുകയും ചെയ്യുന്നവ നാണ്. [അൻകബൂത്:6] ദാരിദ്ര്യം ഭയന്നുകൊണ്ട് സന്താനങ്ങളെ കൊല്ലുന്നവരെ കുറിച്ച് അല്ലാഹു പറയുന്നു. “നാമാണ് നിങ്ങൾക്കും അവർക്കും ഭക്ഷണം നൽകുന്നത്. [ഇസ്റാഅ് : 31]

സന്താനങ്ങളെ പരിപാലിച്ചു വളർത്തുന്നതിലുള്ള പ്രയാസ മാണ് പ്രേരകമെങ്കിൽ അതൊരു അബദ്ധ ധാരണയാണ്. സന്താനങ്ങൾ കുറഞ്ഞവരായിട്ടും അവരെ വളർത്താൻ വേണ്ടി വലിയ ക്ളേശം വേണ്ടി വരുന്ന എത്രയോ കുടുംബങ്ങളുണ്ട്. മറിച്ച് സന്താനങ്ങൾ ധാരാളമുണ്ടായിട്ടും അവരുടെ സംരക്ഷണം എളുപ്പമായിത്തീർന്നവരുമെത്രയോ ഉണ്ട്. അതിനാൽ സന്താന പരിപാലനത്തിലെ എളുപ്പവും പ്രയാസവുമെന്നത് അല്ലാഹുവിൻെറ തീരുമാനമനുസരി ച്ചാണ്. ഒരാൾ അല്ലാഹുവിനെ സൂക്ഷിക്കുകയും മതപരമാ യ മാർഗത്തിലൂടെ കഴിയുകയും ചെയ്യുമ്പോൾ അല്ലാഹു അവൻെറ കാര്യങ്ങൾ സുഗമമാക്കിത്തീർക്കുന്നതാണ്. അല്ലാഹു പറയുന്നു. വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന് അവൻെറ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കിക്കൊടുക്കുന്നതാണ്. [ ത്വലാഖ് : 4 ]

**വന്ധീകരണം മത വിരുദ്ധമാണെന്ന് വ്യക്തമായല്ലോ. എന്നാൽ മാതാവിൻെറ അവസ്ഥക്കനുയോജ്യമായി ക്രമീക രണം സ്വീകരിക്കാമോ?**

അതിന് വിരോധമില്ല. അത് വന്ധീകരണത്തിൽ പെടുന്നില്ല. ദമ്പതികളിലൊരാളോ രണ്ടാളുമോ പ്രത്യേക കാലത്ത് ഗർഭധാരണത്തെ തടയുന്ന മാർഗം ഉപയോഗപ്പെടുത്തുന്നത് ദമ്പതികൾ രണ്ടാളും തൃപ്തിപ്പെട്ടുകൊണ്ടാണെങ്കിൽ അനുവ ദനീയമാണ്. ഭാര്യ ദുർബ്ബലയാണ്, ഗർഭിണി കൂടിയായാൽ ദുർബ്ബലതയോ രോഗമോ വർദ്ധിക്കാനിടയാകുന്നത് പോലെ യുള്ള ഘട്ടങ്ങളിൽ ഭർത്താവിൻെറ തൃപ്തിയോടെ ഒരു നിശ്ചിത കാലത്ത് ഗർഭത്തെ തടയുന്ന ഗുളികകൾ അവർക്ക് ഉപയോഗിക്കാവുന്നതാണ്. നബി (സ) അനുചരന്മാർ അസ്ൽ (സ്ഖലനത്തിന് മുമ്പ് ലിംഗം പുറത്തെടുക്കുക) ചെയ്തിരുന്നു. എന്നാൽ അത് അവരോട് വിരോധിക്കപ്പെട്ടില്ല. അത് ഗർഭമുണ്ടാകുന്നത് തടയുന്ന മാർഗ്ഗങ്ങളിലൊന്നാണ്.

# അനുബന്ധ ബാധ്യതകൾ

വിവാഹത്തോടനുബന്ധമായി ഒട്ടേറെ ബാധ്യതകളുണ്ടാകു ന്നുണ്ട്. അവയിൽ ചിലത് ഇവിടെ വിവരിക്കുന്നു.

1- **വിവാഹമൂല്യം (മഹ്ർ):** അത് വിവാഹ കർമ്മം മൂലം ഭർത്താവ് ഭാര്യക്ക് നൽകേണ്ട ധനമാണ്. വിവാഹം കൊണ്ട് അത് സ്ഥിരപ്പെടുന്നതാണ്. അത് നിബ ന്ധനയായി പറഞ്ഞാലും മൗനം പാലിച്ചാലും ശരി. നിശ്ചയിച്ചതാണെങ്കിൽ അത് കൂടുതലായാലും കുറച്ചാ

യാലും നിശ്ചയിച്ചത് പ്രകാരം നൽകേണ്ടതാണ്. മഹ്ർ നൽകുകയോ നിശ്ചയിക്കുകയോ ചെയ്യാതെ വിവാഹ കർമ്മം നടന്നാൽ വധുവിന് തുല്യ മഹ്ർ നൽകൽ വരന് ബാധ്യതയാണ്. അത് സാധാരണ യായി അവളെപ്പോലെയുള്ള ഒരു സ്ത്രീക്ക് ലഭിക്കുന്നതി നനുസരിച്ച് കണക്കാക്കേണ്ടതാണ്.

മഹ്ർ ധനവും വസ്തുവുമെന്ന പോലെ ഉപകാരവു മാകാവുന്നതാണ്. നബി (സ) ഒരിക്കൽ ഖുർആനിൽ നിന്ന് ഒരു ഭാഗം വധുവിന് വരൻ പഠിപ്പിക്കുകയെന്നത് മഹ്റായി നിശ്ചയിച്ചുകൊണ്ട് വിവാഹം നടത്തുകയുണ്ടായി.

മഹ്ർ കുറഞ്ഞതായിരിക്കണം. അത് കുറഞ്ഞതും ലളിതവുമാ കുന്നതിനനുസരിച്ച് ശ്രേഷ്ടമാകുന്നതാണ്. അതിൽ നബി (സ) പിൻപറ്റലും അനുഗ്രഹം നേടലുമുണ്ട്. കാരണം വിവാഹത്തിൽ വലിയ അനുഗ്രഹമുള്ളത് ഏറ്റവും ചെലവ് കുറഞ്ഞതാണ്. ഒരിക്കൽ നബി (സ) ഒരാൾ താൻ വിവാഹം ചെയ്തു എന്ന് പറഞ്ഞു. നബി (സ) ചോദിച്ചു. നീ അവൾക്ക് നിശ്ചയിച്ച മഹ്ർ എത്രയാണ്? അദ്ദേഹം പറഞ്ഞു. നാല് ഊഖിയ്യഃ (നൂറ്റി അറുപത് ദിർഹം) നബി (സ) പറഞ്ഞു: നാല് ഊഖിയ്യഃയുടെ അടിസ്ഥാനത്തിലോ?. ഈ മലയുടെ പാർശ്വങ്ങളിൽ നിന്ന് വെള്ളി നിങ്ങൾ വെട്ടിയെടു ക്കുന്നത് പോലെയുണ്ടല്ലോ! നിനക്ക് തരാനുള്ളത് നമ്മുടെ അടുക്കലില്ല. എങ്കിലും നിന്നെ ഒരു സംഘത്തോടൊപ്പം നാം അയക്കുന്നു. അതിനാൽ നിനക്ക് വേണ്ടത് ലഭിച്ചേക്കും. [മുസ്ലിം] അയാൾ ദരിദ്രനായത് കൊണ്ടാണ് നബി (സ) ഇത് അയാളോട് പറഞ്ഞത്.

ഉമർ (റ) പറഞ്ഞു: സ്ത്രീകളുടെ മഹ്ർ നിങ്ങൾ അമിതമാക്കരുത്. അത് ഇഹലോകത്ത് ആദരവും

പരലോകത്ത് ഭക്തിയുമാണെങ്കിൽ അതിനേറ്റവും അർഹത യുള്ളത് നബി (സ) ക്കായിരുന്നു. അവിടുന്ന് പന്ത്രണ്ട് ഊഖിയ്യ:യെക്കാളേറെ തൻെറ ഭാര്യമാർക്ക് മഹ്ർ നൽകു കയോ തൻെറ പെൺമക്കൾക്ക് വാങ്ങുകയോ ചെയ്തിട്ടില്ല. ഒരു ഊഖിയ്യ: നാൽപത് ദിർഹമാണ്.

ഇക്കാലത്ത് മഹ്ർ വളരെ വർദ്ധിച്ചതിനാൽ അത് അനേ കമാളുകൾക്ക് വിവാഹത്തിനുള്ള തടസ്സമായിത്തീരുന്നുണ്ട്. ഇനി ഒരാൾ മഹ്ർ ഉണ്ടാക്കുമ്പോഴേക്കും അനേക വർഷങ്ങൾ കഴിഞ്ഞുപോകുന്നു. അതിനാൽ സമൂഹത്തിൽ വിവിധ നാശങ്ങൾക്കിടയാകുന്നു.

1- അനേകം സ്ത്രീ പുരുഷന്മാർ വിവാഹത്തിൽ നിന്ന് തടയപ്പെടുന്നു.

2- അധിക വധുവിൻെറ കുടുംബവും അവൾക്ക് വേണ്ടി വരനിൽ നിന്നും മഹ്ർ തങ്ങൾ നേടിക്കൊടുക്കേ ണ്ടതാണെന്ന് വീക്ഷിക്കുന്നു. മഹ്ർ കൂടുതലുണ്ടെങ്കിൽ അവർ വിവാഹം ചെയ്തുകൊടുക്കുന്നു. അനന്തരഫല ങ്ങളെകുറിച്ച് ചിന്തിക്കുക പോലും ചെയ്യുന്നില്ല. പ്രത്യുത മഹ്ർ കുറവാണെങ്കിൽ വരൻ സ്വഭാവത്തിലും മതനിഷ്ഠയിലും തൃപ്തിപ്പെട്ടവനാണെങ്കിലും അവനെ തിരസ്കരിക്കുന്നു.

3- ധമ്പതികൾക്കിടയിലെ ബന്ധം മോശമായിത്തീർന്നാൽ വലിയ സംഖ്യ മഹ്ർ നൽകിയതിനാൽ നല്ല രൂപത്തിൽ അവൾക്ക് മോചനം നൽകി പറഞ്ഞയക്കാൻ അവൻ മിക്കവാറും തയ്യാറാവുകയില്ല. പ്രത്യുത ആ മഹ്റിൽ നിന്ന് വല്ലതും തിരിച്ച് കിട്ടാൻ വേണ്ടി അവളെ ബുദ്ധി മുട്ടിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ

മഹ്ർ കുറവായിരുന്നുവെങ്കിൽ വിവാഹ മോചനം ആശ്വാസകരമാകുമായിരുന്നു.

ജനങ്ങൾ മഹ്റിൽ മിതത്വം പാലിക്കുകയും പരസ്പരം സഹകരിക്കുകയും സമൂഹത്തിലെ ഉന്നതർ അത് നടപ്പിലാക്കി തുടങ്ങുകയും ചെയ്താൽ സമൂഹത്തിന് അനേകം നന്മകളും വലിയ ആശ്വാസവും ലഭിക്കും. അനേക സ്ത്രീ പുരുഷന്മാർ രക്ഷപ്പെടുകയും ചെയ്യും.

എന്നാൽ ഓരോ വർഷവും മഹ്ർ സംഖ്യ വർദ്ധിപ്പിക്കുകയും പുതിയ വസ്തുക്കൾ കൂട്ടിച്ചേർക്കുകയും ചെയ്യുന്ന ദുരവസ്ഥയാണ് ജനങ്ങൾ സ്വീകരിക്കുന്നത്. ഇത് എവിടെ ചെന്നവസാനിക്കും!

ചിലർ പ്രത്യേകിച്ചും ഗ്രാമങ്ങളിലുള്ളവർ മഹ്റിന്റെ കാര്യത്തിൽ ലളിതമായ സമീപനം സ്വീകരിക്കുന്നുണ്ട്. അവർ മഹ്റിന്റെ നിശ്ചിതഭാഗം റൊക്കമായും ബാക്കിയുള്ളതിന് ഒന്നോ അതിലധികമോ വർഷം അവധി നൽകുകയും ചെയ്യുന്നു. ഇത് വരന് അൽപം ആശ്വാസം നൽകുമല്ലോ

മഹ്ർ വരൻ വധുവിന് നൽകൽ നിർബന്ധമാണെന്ന് മേൽ പറഞ്ഞതിൽ നിന്ന് മനസ്സിലായല്ലോ. അല്ലാഹു പറഞ്ഞു. സ്ത്രീകൾക്ക് അവരുടെ വിവാഹ മൂല്യം (മഹ്ർ) മന:സംതൃപ്തിയോടെ നിങ്ങൾ നൽകുക [4:4]

എന്നാൽ വധുകുടുംബം വരന് പണവും സാധനങ്ങളുമായി സ്ത്രീധനമെന്ന പേരിൽ മഹ്ർ നൽകുന്ന സമ്പ്രദായം ഇന്ത്യ പാകിസ്ഥാൻ, ബംഗ്ളാദേശ് എന്നീ രാജ്യങ്ങളിലെ മുസ്ലിംകൾക്കിടയിലുണ്ടെന്ന് എന്റെ അടുത്ത് പറയപ്പെടുകയുണ്ടായി. ഇത് ഇസ്ലാമിക

ശരീഅത്ത് കൊണ്ടുവന്നതോ അനുവദിക്കുന്നതോ അല്ല. പ്രത്യുത മതം കൊണ്ടുവന്നതിനെ വിപരീതമാക്കലാണ്. ഇസ്‌ലാം അനുവദിച്ച മഹ്ർ സമൂഹം വർദ്ധിപ്പിക്കുന്നതിനാൽ മുസ്‌ലിംകൾ അനുഭവിക്കുന്ന വിഷമങ്ങൾ കുറച്ചൊന്നുമല്ലെന്ന് ശൈഖ് ഇവിടെ സൂചിപ്പിച്ചു. എന്നാൽ നമ്മുടെ നാട്ടിൽ സ്ത്രീധന പ്രശ്നവും അതിൽ നിന്ന് വ്യത്യസ്ഥമല്ല. മാത്രമല്ല, അത് ദിനേന വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതിൻെറ പേരിൽ സ്ത്രീ അപമാനിക്കപ്പെടുകയും അവിവാഹിതയായി കഴിയേണ്ടി വരികയും ചെയ്യുന്നു. ദരിദ്ര കുടുംബങ്ങൾ ഏറെ കഷ്ടപ്പെടേണ്ടിയും വരുന്നു. മാത്രമല്ല, അതിൻെറ പേരിൽ ആത്മഹത്യകൾ നടക്കുകയും പെൺ ഭ്രൂണഹത്യകൾ വർദ്ധിക്കുകയും ചെയ്യുന്നു. ഇങ്ങനെ സാമൂഹ്യവും സാമ്പത്തികവുമായ ഒട്ടേറെ വിനകൾ വരുത്തുന്ന ഈ ചൂഷണത്തെ എല്ലാ നല്ല മനുഷ്യരും എതിർക്കേണ്ടതുണ്ട്. മത്രമല്ല മുസ്‌ലിം യുവാക്കൾ അനർഹവും അനിസ്‌ലാമികവുമായ ഈ സമ്പാദ്യം വർജിക്കാനും വിവാഹത്തോടനുബന്ധിച്ചുള്ള ആർഭാടങ്ങളും അനാചാരങ്ങളും ഉപേക്ഷിക്കാനും തയ്യാറാകുകയും സമൂഹം ബോധവാന്മാരാവുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. (വിവർത്തകൻ)

2- ചെലവ്

ഭക്ഷണപാനീയങ്ങൾ, വസ്ത്രം, പാർപ്പിടം തുടങ്ങിയ ചെലവുകൾ ഭാര്യക്ക് മാന്യമായ രീതിയിൽ നൽകേണ്ടത് ഭർത്താവിൻെറ ചുമതലയാണ്. ഇക്കാര്യത്തിൽ അവൻ പിശുക്ക് കാണിച്ചാൽ അവൻ പാപിയാകും. മാത്രമല്ല, അവൻെറ ധനത്തിൽ നിന്ന് തൻെറ ആവശ്യത്തിന്

മതിയാകുന്നത്ര എടുക്കുകയോ അവൻെറ പേരിൽ അവൾക്ക് കടം വാങ്ങുകയോ ചെയ്യാവുന്നതാണ്. ആ കടം വീട്ടൽ അവന് നിർബന്ധവുമാണ്.

ആ ചെലവിൽ പെട്ടതാണ് വലീമത്ത് (വിവാഹ സദ്യ). വിവാഹ ദിനത്തിൽ ഭർത്താവ് ഭക്ഷണമൊരുക്കി അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത് നബി (സ) യുടെ ചര്യയും കൽപ്പിക്കപ്പെട്ട കാര്യവുമാണ്. നബി (സ) അത് ചെയ്യുകയും അതിനായി കൽപ്പിക്കുയും ചെയ്തിട്ടുണ്ട്. പക്ഷെ, നിഷിദ്ധമായ ധൂർത്ത് ഈ സദ്യ യിലുണ്ടാവാതിരിക്കൽ നിർബന്ധവുമാണ്. അത് നൽകുന്നത് ഭർത്താവിൻെറ സ്ഥിതിക്കനുസരിച്ചായിരി ക്കലും അത്യാവശ്യമാണ്.

എന്നാൽ ഈ സദ്യയുടെ അളവിലും രൂപത്തിലും ചിലർ കാണിക്കുന്ന ധൂർത്തും ദുർവ്യയവും ഒരിക്കലും യോജി ച്ചതല്ല. അത് മൂലം ധാരാളം ധനം ഒരു ഗുണവുമി ല്ലാതെ ചെലവഴിക്കേണ്ടിയും വരുന്നു.

3- ദമ്പതികളും അവരുടെ കൂടുംബങ്ങളും തമ്മിലുള്ള ബന്ധം:

അല്ലാഹു ദമ്പതികൾക്കിടയിൽ സ്നേഹ കാരുണ്യത്തെ നിശ്ചയിച്ചു. ഈ ബന്ധം അതിനെ തുടർന്നു വരുന്ന ചില ബാധ്യതകളെ അനിവാര്യമാക്കുന്നു. ബന്ധങ്ങൾ ഉണ്ടാകുമ്പോൾ അതിനനുസരിച്ച് കടമകളും അനിവാര്യമാകുമല്ലോ.

തൻെറ ഭാര്യയുടെ മാതാവും മാതാമഹികളുമായി ഭർത്താവിന് വിവാഹം നിഷിദ്ധമാകുന്ന ബന്ധമുണ്ടാകു ന്നതാണ്. ഭാര്യയുമായി ലൈംഗിക ബന്ധം നടന്നാൽ

അവളുടെ പുത്രിമാരും പൗത്രിമാരുമായും ഇപ്രകാരമുള്ള ബന്ധമുണ്ടാകുന്നതാണ്. ഭർത്താവിൻെറ പിതാക്കളുമായും സന്താനങ്ങളുമായും ഭാര്യക്കും ഇപ്രകാരമുള്ള ബന്ധമുണ്ടാകുന്നതാണ്.

4- **അനന്തരാവകാശം:** സ്വീകാര്യമായ വിവാഹകർമ്മം നടക്കുന്നതോടെ വധൂവരന്മാർ പരസ്പരം അനന്തരാവ കാശികളാകുന്നതാണ്. അല്ലാഹു പറയുന്നു. നിങ്ങളുടെ ഭാര്യമാർക്ക് സന്താനമില്ലാത്ത പക്ഷം അവർ വിട്ടേച്ചു പോയതിൻെറ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനമുണ്ടായിരുന്നാൽ അവർ വിട്ടേച്ചു പോയതിൻെറ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചു പോയ ധനത്തിൽ നിന്ന് നാലിലൊന്ന് അവർ (ഭാര്യമാർ)ക്കുണ്ട്. ഇനി നിങ്ങൾക്ക് സന്താനമുണ്ടായി രുന്നാൽ നിങ്ങൾ വിട്ടേച്ചു പോയതിൽ നിന്ന് എട്ടിലൊന്നാണ് അവർക്കുള്ളത്. നിങ്ങൾ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്.. [നിസാഅ്:12] ഇക്കാര്യത്തിൽ അവർ തമ്മിൽ ലൈംഗിക വേഴ്ചയുണ്ടായാലും ഇല്ലെങ്കിലും വ്യത്യാസമൊന്നുമില്ല.

## 9- വിവാഹ മോചനം

വാക്ക് കൊണ്ടോ എഴുത്തിലൂടെയോ സൂചനയിലൂടെ യോ ഭാര്യയെ വേർ പിരിക്കലാണ് ത്വലാഖ് (വിവാഹ

മോചനം). അത് അടിസ്ഥാന പരമായി വെറുക്കപ്പെട്ട താണ്. കാരണം അത് കൊണ്ട് വിവാഹത്തിൻെറ ലക്ഷ്യ ങ്ങൾ നഷ്ടപ്പെടുകയും കുടുംബം ശിഥിലമാവുകയും ചെയ്യുന്നു. “വിവാഹമോചനം അനുവദിക്കപ്പെട്ടതിൽ അല്ലാഹുവിന് ഏറെ കോപമുള്ളതാണ്” എന്ന് ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ പുരുഷൻെറ കൂടെ കഴിയുന്നതിനാൽ സ്ത്രീയോ മറിച്ച് സ്ത്രീയിൽ നിന്ന് പുരുഷനോ പീഢിതരാകേണ്ടി വരികയോ അത് പോലെയുള്ള കാരണ ങ്ങളോ ഉണ്ടാകുമ്പോൾ വിവാഹ മോചനം അനിവാര്യമാ യേക്കും. ഇത്തരം ഘട്ടങ്ങളിൽ ഇസ്ലാം പ്രയാസപ്പെടുത്തു ന്നില്ല. പ്രത്യുത വിവാഹ മോചനം ചെയ്യാൻ അല്ലാഹുവി ൻെറ അനുഗ്രഹത്താൽ അനുവദിച്ചു.

ഒരാൾ തൻെറ ഭാര്യയെ വെറുക്കുകയും സഹിക്കാൻ കഴിയാതെയാവുകയും ചെയ്താൽ വിവാഹമോചനം ചെയ്യുന്നതിൽ വിരോധമില്ല. പക്ഷെ, താഴെ പറയുന്ന കാര്യങ്ങൾ നിർബന്ധമായും അവൻ പാലിക്കണം.

## 1- ഋതുമതിയായിരിക്കെ വിവാഹമോചനം ചെയ്യാവതല്ല.

ആർത്തവമുള്ളപ്പോൾ വിവാഹ മോചനം നടത്തിയാൽ അവൻ അല്ലാഹുവിനേയും നബി (സ) യെയും ധിക്കരിച്ചു. അവളെ മടക്കിയെടുക്കലും ശുദ്ധിയാകുന്നത് വരെ അവശേഷിപ്പിക്കലും അവന് നിർബന്ധമാണ്. പിന്നീട് ഉദ്ദേശിക്കുന്നുവെങ്കിൽ അവന് ത്വലാഖ് ചൊല്ലാം. ഒരു തവണകൂടി അവൾക്ക് ആർത്തവമുണ്ടാകുന്നത് വരെ കാത്തിരിക്കുകയാണ് ഏറ്റവും നല്ലത്. ശേഷം ശുദ്ധിയാ

യാൽ ഉദ്ദേശിക്കുന്നുവെങ്കിൽ അവളെ നിലനിർത്തു കയോ വിവാഹമോചനം നടത്തുകയോ ചെയ്യാവുന്നതാണ്.

## 2- ലൈംഗിക ബന്ധം നടന്ന ശുദ്ധികാലത്ത് ത്വലാഖ് ചെയ്യാതിരിക്കുക.

ശുദ്ധിയുള്ള കാലത്താണല്ലോ ത്വലാഖ് അനുവദിക്കപ്പെട്ടത്. ഒരാൾ ത്വലാഖ് ചെയ്യാൻ ഉദ്ദേശിക്കുന്നെങ്കിൽ ശുദ്ധികാലത്ത് ഭാര്യയെ സംയോഗം ചെയ്തിട്ടുണ്ടെങ്കിൽ വീണ്ടും ആർത്തവമുണ്ടായി ശുദ്ധിയാകുന്നത് വരെ ത്വലാഖ് ചൊല്ലാവതല്ല. അതിനുള്ള കാലം എത്ര ദീർഘമായാലും ശരി. പിന്നീട് അവൻ ഉദ്ദേശിക്കുന്നെങ്കിൽ അവളെ സ്പർശിക്കുന്നതിൻെറ മുമ്പ് വിവാഹമോചനം ചെയ്യാവുന്നതാണ്. ഇനി അവൾ ഗർഭിണിയാണെന്ന് തെളിയുകയാണെങ്കിൽ വിവാഹമോചനം ചെയ്യുന്നതിന് വിരോധമില്ല. ഗർഭിണിയായിരിക്കെ ത്വലാഖ് വിരോധിക്കപ്പെടാത്തതാണല്ലോ. അല്ലാഹു പറയുന്നു: നബിയെ നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുക. [ത്വലാഖ് - 1]

ഇബ്നു അബ്ബാസ് (റ) പറയുന്നു. ഋതുമതിയായിരിക്കെ അവളെ ത്വലാഖ് ചെയ്യാവതല്ല. അവളുമായി സംയോഗത്തിലേർപ്പെട്ട ശുദ്ധികാലത്തും അത് ചെയ്യാവതല്ല. പ്രത്യുത അവളെ അവശേഷിപ്പിക്കുക. പിന്നീട് അവൾ ഋതുമതിയാകുകയും ശുദ്ധിയാകുകയും ചെയ്താൽ ഒരു ത്വലാഖ് ചൊല്ലുക.

## 3- ഒരു ത്വലാഖിനേക്കാൾ കൂടുതൽ ചെയ്യാതി രിക്കുക.

ഭാര്യയോട് നിൻെറ രണ്ട് ത്വലാഖ് ചെയ്തു, മൂന്ന് ത്വലാഖ് ചെയ്തു എന്ന് പറയാവതല്ല. അല്ലെങ്കിൽ നീ ത്വലാഖ് ചൊല്ലപ്പെട്ടവളാണ് എന്ന വാക്ക് മൂന്ന് പ്രാവശ്യം പറയുകയും അരുത്. കാരണം മൂന്ന് ത്വലാഖ് നിഷിദ്ധമാണ്. ഒരാൾ തൻെറ ഭാര്യയെ മൂന്ന് ത്വലാഖ് ഒരുമിച്ച് ചെയ്തപ്പോൾ നബി (സ) പറഞ്ഞു: ഞാൻ നിങ്ങൾക്കിടയിലുണ്ടായിരിക്കെ അവൻ അല്ലാഹു വിൻെറ ഗ്രന്ഥംകൊണ്ട് കളിക്കുകയോ? അങ്ങനെ ഒരാൾ എഴുന്നേറ്റു ചോദിച്ചു. അല്ലാഹുവിൻെറ ദൂതരെ, അവനെ ഞാൻ വധിക്കട്ടെയോ?.

അധികമാളുകളും ത്വലാഖിൻെറ നിയമങ്ങൾ അറിയാത്തവരാണ്. എപ്പോൾ ത്വലാഖ് ചൊല്ലാൻ തോന്നിയാലും സമയമോ എണ്ണമോ നോക്കാതെ അവർ ത്വലാഖ് ചൊല്ലുന്നു.

ത്വലാഖിൻെറ നിയമങ്ങൾ ഓരോ ദാസനും നിർബന്ധ മായും പാലിക്കണം. അതിൻെറ പരിധികൾ ലംഘിക്കാ വതല്ല. അല്ലാഹു പറയുന്നു. അല്ലാഹുവിൻെറ നിയമ പരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. [ത്വലാഖ്:1] “അല്ലാഹുവിൻെറ പരിധികൾ ആർ ലംഘിക്കുന്നുവോ അവർ തന്നെയാകുന്നു അക്രമികൾ. [ അൽബഖറ: 229 ]

## ത്വലാഖിൻെറ അനുബന്ധങ്ങൾ

വിവാഹ മോചനം നടന്നാൽ തൽ സംബന്ധമായി അനേകം വിധികൾ തുടർന്നു വരുന്നുണ്ട്.

1- ഇദ്ദ: ഭർത്താവിന് ഭാര്യയുമായി ലൈംഗിക ബന്ധമു ണ്ടാകുകയോ അവൻ അവളുമായി തനിച്ചാവുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഇദ്ദ (വിവാഹമുക്ത പുനർ വിവാ ഹത്തിലേർപ്പെടാതെ കാത്തിരിക്കേണ്ട കാലം) അനുഷ്ടിക്കൽ നിർബന്ധമാണ്. ഇനി ലൈംഗിക ബന്ധമുണ്ടാകുന്നതിന്റേയും അവളുമായി തനിച്ചാകു ന്നതിന്റേയും മുമ്പാണ് ത്വലാഖ് എങ്കിൽ അവൾ ഇദ്ദ അനുഷ്ടിക്കേണ്ടതില്ല. അല്ലാഹു പറയുന്നു. സത്യവിശ്വാ സികളെ, നിങ്ങൾ സത്യവിശ്വാസിനികളെ വിവാഹം കഴിക്കുകയും എന്നിട്ട് നിങ്ങളവരെ സ്പർശി ക്കുന്നതിൻെറ മുമ്പായി അവരെ വിവാഹ മോചനം നടത്തുകയും ചെയ്താൽ നിങ്ങൾ എണ്ണിക്കണക്കാക്കുന്ന ഇദ്ദ ആചരിക്കേണ്ട ബാധ്യത അവർക്ക് നിങ്ങളോടില്ല. എന്നാൽ നിങ്ങൾ അവർക്ക് മതാഅ് നൽകുകയും അവരെ ഭംഗിയായി പിരിച്ചയക്കുകയും ചെയ്യുക. [ അഹ്സാബ്: 49] ഋതുമതികൾ മൂന്ന് ആർത്തവ കാലവും അല്ലാത്തവർ മൂന്ന് മാസവുമാണ് ഇദ്ദ ആചരിക്കേണ്ടത്. എന്നാൽ ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെയാണത്.

2- **മൂന്നാം തവണ ത്വലാഖ് ചൊല്ലിയാൽ.**

ഒരാൾ ഭാര്യയെ ത്വലാഖ് ചൊല്ലി പിന്നീട് ഇദ്ദ കാലത്ത് മടക്കിയെടുക്കുകയോ അല്ലെങ്കിൽ ഇദ്ദ കാലത്തിന് ശേഷം അവളെ വിവാഹം നടത്തുകയോ ചെയ്തു. പിന്നീട് രണ്ടാം

തവണ വിവാഹ മോചനം ചെയ്യുകയും ഇദ്ദ കാലത്ത് മടക്കിയെടുക്കുകയോ അല്ലെങ്കിൽ ഇദ്ദക്ക് ശേഷം അവളെ വിവാഹം നടത്തുകയോ ചെയ്തു. പിന്നീട് മൂന്നാം തവണയും ത്വലാഖ് ചൊല്ലിയെങ്കിൽ അവൾ അവന് അനുവദനീയമാകില്ല. അവളെ മറ്റൊരാൾ സ്വീകാര്യമായ രീതിയിൽ വിവാഹം ചെയ്യുകയും ലൈംഗിക ബന്ധത്തി ലേർപ്പെടുകയും പിന്നീട് അവൻ അവളെ വെറുക്കുകയും അങ്ങനെ വിവാഹ മോചനം നടക്കുകയും ചെയ്താലേ ആദ്യ ഭർത്താവിന് അവളെ വിവാഹം ചെയ്യൽ അനുവദനീയമാവുകയുള്ളൂ. അല്ലാഹു പറയുന്നു: (മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹ മോചനം രണ്ടു തവണ മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിറുത്തുകയോ അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത് .. [ അൽ-ബഖറ: 229 ]
“ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ അതിന് ശേഷം അവൾ അവന് അനുവദനീയമാവില്ല. അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നത് വരേക്കും. എന്നിട്ട് അവൻ (പുതിയ ഭർത്താവ്) അവളെ വിവാഹ മോചനം ചെയ്യുകയാണെങ്കിൽ (പഴയ ദാമ്പത്യത്തിലേക്ക്) തിരിച്ചു പോകുന്നതിൽ അവരിരുവർക്കും കുറ്റമില്ല. അല്ലാഹുവിൻെറ നിയമ പരിധികൾ പാലിക്കാമെന്ന് അവരിരുവരും വിചാരിക്കുന്നു വെങ്കിൽ. അല്ലാഹുവിൻെറ നിയമ പരിധികളത്രെ അവ. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു അത് വിവരിച്ചു തരുന്നു. [ അൽ-ബഖറ : 230 ]

ഒരു സ്ത്രീയെ മൂന്നാം തവണ ത്വലാഖ് ചൊല്ലിയവന് മറ്റൊരാൾ അവളെ വിവാഹം ചെയ്ത് ത്വലാഖുണ്ടാകുന്നതു

വരെ അവളെ വിവാഹം ചെയ്യൽ അല്ലാഹു ഇവിടെ നിഷിദ്ധമാക്കി. കാരണം ഇസ്ലാമിൻെറ ആദ്യ കാലത്ത് ജനങ്ങൾ യഥേഷ്ടം ത്വലാഖ് ചൊല്ലുകയും മടക്കിയെടുക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ ഭാര്യയോട് കോപിച്ചയാൾ പറഞ്ഞു. അല്ലാഹുവാണെ നിനക്ക് ഞാൻ അഭയം നൽകില്ല. എന്നാൽ നിന്നെ പിരിച്ചയക്കുകയുമില്ല. അവൾ ചോദിച്ചു. അതെങ്ങനെ? അയാൾ പറഞ്ഞു നിന്നെ ഞാൻ ത്വലാഖ് ചൊല്ലും ഇദ്ദ കാലം കഴിയാറാകുമ്പോൾ നിന്നെ മടക്കിയെടുക്കും. തുടർന്നും ത്വലാഖ് ചൊല്ലുകയും അവധി അടുക്കുമ്പോൾ മടക്കിയെടുക്കുകയും ചെയ്തു കൊണ്ടിരിക്കും. അപ്പോൾ അവൾ നബി (സ) യോട് ഇക്കാര്യം പറഞ്ഞു. പ്രസ്തുത ആയത്ത് തൽസംബന്ധമായി അല്ലാഹു അവതരിപ്പിച്ചു. അങ്ങനെ ത്വലാഖിനെ മൂന്ന് തവണ കൊണ്ട് അവസാനിപ്പിച്ചു. തന്മൂലം ഭർത്താക്കളുടെ ഈ അക്രമത്തിൽ നിന്ന് സ്ത്രീകളെ കാരുണ്യവാനായ അല്ലാഹു രക്ഷിച്ചു.

സഹോദരങ്ങളെ, വിവാഹത്തെ കുറിച്ചുള്ള ഏതാനും ചില കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചത്. മടുപ്പിക്കുന്ന ദീർഘിപ്പിക്കലോ ആശയം അവ്യക്തമായ രീതിയിൽ ചുരുക്കുകയോ ചെയ്യാതെ ആവശ്യമായത് ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. അല്ലാഹു ഇത് ഉപകരിക്കുന്നതും അവൻെറ പ്രീതിക്കർഹമാകുന്നതുമായ സ്വീകാര്യമായ പ്രവർത്തിയാക്കട്ടെ. അല്ലാഹുവിൻെറ വിധികൾ മനസ്സിലാക്കി സ്വയം പാലിക്കുകയും മറ്റുള്ളവർക്ക് പകർന്നു കൊടുക്കുകയും ചെയ്യുന്ന ഒരു മാതൃകാ

തലമുറയെ ഈ സമുദായത്തിൽ നിന്നും അവൻ ഉണ്ടാക്കുമാറാകട്ടെ.

# الزواج

## لفضيلة الشيخ
## محمد بن صالح العثيمين رحمه الله

ترجمة إلى اللغة المليبارية:

محي الدين تاريود

(باللغة المليبارية)

# مكتب

## دعوة وتوعية الجاليات بعنيزة

هاتف : ٠٦/٣٦٤٤٥٠٦ أو ٣٦٥٤٠٠٤

فاكس: ٣٦١٢٧٩٣


# വിവാഹം

## ശൈഖ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ ഉസൈമീൻ

സഊദി അറേബ്യ

വിവർത്തനം:
കെ. എം. തരിയോട്

ഇസ്‌ലാമിക് സെൻറർ
പി. ബി. നമ്പർ: 808
ഉനൈസ, സഊദി അറേബ്യ
ഫോൺ: 06-3644506, 3654004
ഫാക്സ്: 3612793